"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസി കാര്യ വകുപ്പ് - നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.458/2024/NORKA തീയതി,തിരുവനന്തപുരം, 22-06-2024

---

പരാമർശം:- 1. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23.5.2024 തീയതിയിലെ 2445/സി.ഇ.ഒ/2024/റൂട്ട്സ് നമ്പർ കത്ത്

2. 03.06.2024 തീയതിയിലെ നോർക്ക വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

പ്രവാസി മലയാളികൾക്കും വിദേശത്തുനിന്ന് തിരിച്ചെത്തുന്നവർക്കും നിക്ഷേപ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഏകജാലക സംവിധാനമാണ് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ. ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിപുലമായ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും നിയമപരമായ അനുമതി ലഭിയ്ക്കുന്നതിനുള്ള സഹായം നൽകുകയും ചെയ്ത് വ്യവസായ വാണിജ്യ നിക്ഷേപങ്ങളെ ആകർഷിച്ച് കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയെ പരിപോഷിപ്പിയ്ക്കുന്നു.

2. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-42 (പ്ലാൻ) എന്ന ശീർഷകത്തിൽ 1,50,00,000/- (ഒരു കോടി അൻപത് ലക്ഷം രൂപ) രൂപ വകയിരുത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ ഭരണാനുമതിയ്ക്കായി പരാമർശം (1) ലെ കത്ത് പ്രകാരം നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിശദമായ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത ശിപാർശ 03.06.2024 തീയതിയിൽ ചേർന്ന നോർക്ക വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിയ്ക്കുകയും പരാമർശം (2) ലെ നടപടിക്കുറിപ്പ് പ്രകാരം നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ ആകെ 1,50,00,000/- (ഒരു കോടി അൻപത് ലക്ഷം രൂപ) രൂപ അടങ്കൽ തുകയ്ക്ക് താഴെപ്പറയുന്ന ഘടകങ്ങൾ പ്രകാരം ഭരണാനുമതി നൽകാൻ തീരുമാനിയ്ക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | Co-ordination charge of Kerala Institute for Entrepreneurship Development (KIED) including Manpower charges towards the experts, executives and Interns engaged for running NORKA Business Facilitation Centre at Head office of NORKA ROOTS and Regional centers and conducting Business clinics. | 62 |
| 2 | Norka Business Facilitation Workshops, NORKA Entrepreneurs Development Training & Sector wise Skill development Trainings, NRK's Investors meet, Business clinic and preparation of large investment project profiles with business plans, printing, stationery, administrative expenses, subscription of business journals, newsletters etc. and other miscellaneous expenses. | 74 |
| 3 | Infrastructure development including IT infrastructure development of NBFC, agency for conducting public awareness through digital and other media and other publicity expenses | 14 |
| | ആകെ | **150** |

4. ടി പദ്ധതി നടത്തിപ്പിന് പ്രസക്തമായ എല്ലാ Codal Formalities-ഉം കർശനമായും പാലിക്കുന്നുണ്ടെന്ന് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, നോർക്ക റൂട്ട്സ് കൃത്യമായി ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഭരണാനുമതി ലഭിച്ചതിൻ പ്രകാരമുള്ള തുക ചെലവഴിക്കുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കുമ്പോൾ 2023-24 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിരുന്ന തുക വിനിയോഗിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള റിപ്പോർട്ട് (Utilization Certificate) കൂടി ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധു എസ്
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

ധനകാര്യവകുപ്പ്

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ (B1/137/2024-Norka)

ഉത്തരവിൻ പ്രകാരം

Signed by
Githin. S. V
Date: 24-06-2024 09:19:16